

# വികാരിയിൽ നിന്ന് ...

29-12-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

ഒരു പുതുവൽസരപ്പുലരിയിൽ നാമെത്തിയിരിക്കുന്നു.നമ്മുടെ മനസ്സിൽ സമ്മിശ്ര വികാരങ്ങൾ ഉയർന്നുവരാം. മധുര പ്രതീക്ഷകളും മോഹന സ്വപ്നങ്ങളുമാണുമായാണ് നാം ഇന്ന് ആയിരിക്കുന്നത്. ഒരു വർഷത്തെയല്ല മറിച്ച് ഓരോ ദിവസത്തെയും ആണ് സൂക്ഷ്മതയോടെ നാം അഭിമുഖീകരിച്ച് മുന്നേറി ജീവിക്കണ്ടത്. വളരെ സൂക്ഷ്മതയോടെയും, ജാഗ്രതയോടെയും, പ്രാർത്ഥനയോടും കൂടെ ജീവിക്കുമെങ്കിൽ പുതുവർഷം മുഴുവനും ധന്യമാക്കുവാൻ നമുക്ക് കഴിയും. 365 പേജുള്ള ഒരു പുതിയ നോട്ടുബുക്കാണ് ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ ഓരോ പേജും സൂക്ഷ്മതയോടും, ശ്രദ്ധയോടും കൈകാര്യം ചെയ്താൽ അതു മനോഹരമായിത്തീരും, അല്ലങ്കിൽ അത് വികൃതമായി മാറും. അതുപോലെ തന്നെ പുതുവർഷത്തിലും പ്രവർത്തിച്ചാൽ ജീവിതം അനുഗ്രഹകരമായിത്തീരും.

കഴിഞ്ഞ കാലത്ത് ദൈവം ചെയ്ത നന്മകളെക്കുറിച്ച് ഓർക്കുമ്പോൾ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠക്ക് യാതൊരു അടിസ്ഥാനവും ഇല്ലായെന്ന് ബോധ്യമാകും. കഴിഞ്ഞ നാളുകളിൽ കാര്യ വിചാരകത്വം ഇല്ലാതെയും, ദൈവാശ്രയം ഇല്ലാതെയും,ആത്മ നിയന്ത്രണം ഇല്ലാതെയും സ്വയം തിരുത്തുവാൻ തയ്യാറാകാതെയും ജീവിച്ചു പോയതായ വീഴ്ചകളെ അനുതാപ പൂർവ്വം ദൈവ മുമ്പാകെ മനപ്പൂർവ്വമായി നാം ഏറ്റു പറയണം. എന്നാൽ ഭാവിയെക്കുറിച്ചുള്ള ആശങ്കയിലും, വിഷാദചിന്തകളാലും, ജിജ്ഞാസയാലും, വേദനകളാലും, സങ്കടങ്ങളാലും ജീവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു ദുഖസത്യമാണ്. സർവ്വ ശക്തനായ ദൈവത്തിൻെറ സുരക്ഷിതമായ കരവലയത്തിനുള്ളിലാണ് നാം ആയിരിക്കുന്നത് എന്ന കാര്യം വിസ്മരിക്കരുത്. വിശുദ്ധനായ മോശ നമ്മെ ഓർമ്മിപ്പിക്കുന്നത് 'പുരാതനായ ദൈവം നമ്മുടെ സങ്കേതം,കീഴെ ശാശ്വത ഭുജങ്ങളുണ്ട്' എന്നതാണ്. സങ്കീർത്തനക്കാരൻ പറയുന്നു, 'ദൈവം നമ്മുടെ സങ്കേതവും,ബലവും,കോട്ടയും ആകുന്നു, കഷ്ടതങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയും ആയിരിക്കും എന്നതാണ്. ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല ഞാൻ നിങ്ങളെ ഒരു നാളും അനാഥരായി വിടുകയില്ല എന്ന് പറഞ്ഞ കർത്താവ് എപ്പോഴും നമ്മോടു കൂടെയുണ്ട്.

നമ്മുടെ കെ.സി.ഇ.സി യുടെ ആഭിമുഖ്യത്തിൽ ജനുവരി ഒന്നാം തീയതി വൈകിട്ട് 5 മണിമുതൽ നടക്കുന്ന Christmas Carol Service and New Year Programme-ലും ഏവരുടെയും പ്രാർത്ഥനയും,സഹകരണവും,പങ്കാളിത്വവും ഉണ്ടാകണം. ജനുവരി 12 നു ഇടവകമിഷൻെറ ആഭിമുഖ്യത്തിൽ K.C.A യിൽ വച്ച് നടക്കുന്ന Gospel Musical Evening "Trumpet Call 2018"ലും ഏവരുടെയും സഹകരണവും,പ്രാർത്ഥനയും ഉണ്ടാകണം.

2018 ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ നടക്കുന്ന കൺവൻഷനിൽ റവ.ഫെനോ എം.തോമസ്, ബാംഗ്ലൂർ മുഖ്യ പ്രസംഗകനായിരിക്കും. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ഏവരും സംബന്ധിക്കുകയും ചെയ്യണമെ. ഇടവകയുടെ "Harvest Festival" ജനുവരി 5,12,19 എന്നീ തീയതികളിൽ നടത്തുവാനുള്ള ക്രമീകരണം ചെയ്യുവരുന്നു. കൂടാതെ ആകർഷകമായ സമ്മാനങ്ങൾ ഉള്ള Harvest Coupon (Raffle Coupon) വിതരണം ചെയ്യാൻ ക്രമീകരിക്കുന്നുണ്ട്. ഏവരും ആത്മാർത്ഥമായി സഹകരിക്കണമെ.

ആദ്യ ആഴ്ച (ജനുവരി 5) 'ബാഹ്യ കേരള മിഷൻ' ദിനം ആണു. പ്രവാസികളായി നാം പാർക്കുന്ന ഈ ബഹ്റിനിൽ നാം അനുഭവിക്കുന്ന എല്ലാവിധമായ അനുഗ്രഹങ്ങൾക്കും ദൈവത്തോടും, ഭരണാധികാരികളോടും കടപ്പെട്ടിരിക്കുന്നു. കൂടാതെ നമുക്ക് ലഭിച്ചിരിക്കുന്ന ആരാധനാ സ്വാതന്ത്ര്യവും വിലപ്പെട്ടതാണ്. ഇവിടെ ദൈവം നമ്മെ ആക്കിയിരിക്കുന്നതിന്റെ പിന്നിൽ ഒരു ഉദ്ദേശ്യം ഉണ്ട്. എവിടെയായാലും നാം അവിടെ കർത്താവിന്റെ സാക്ഷികളായി സുവിശേഷം പങ്കുവെയ്ക്കുവാൻ കഴിയണം.

സഭ രണ്ടാം ആഴ്ച(ജനുവരി 12) ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നു. അനേകർ ലഹരി പദാർത്ഥങ്ങൾക്ക് അടിമകളായി തകർന്നുകൊണ്ടിരിക്കുന്നത് വേദനാജനകമായ അനുഭവം ആണ്. ലഹരിക്ക് അടിമപ്പെട്ടവർ രോഗികളാണെന്നും, ചികിൽസയിലൂടെയും, സ്നേഹത്തിലൂടെയും ഇവർക്ക് മുക്തി ലഭിക്കുകയുള്ളു എന്നും നാം തിരിച്ചറിയണം.ഇന്ന് അനേകം യുവജനങ്ങൾ ലഹരിക്കടിമകളായി ഭാവി നഷ്ടപ്പെടുത്തുന്നു എന്നത് നാം വളരെ ഗൗരവമായി പരിഗണിക്കപ്പെടേണ്ട വിഷയമാണ്. ലഹരി പദാർത്ഥങ്ങൾ ഭവനത്തിൽ ഉപയോഗിക്കാതെയും ഏവരും അത് ഒഴിവക്കുകയും അതിനെതിരെ ബോധവൽക്കരണം നടത്തുകയും,ജാഗ്രതയോടെ യുവജനങ്ങളെ ശ്രദ്ധിക്കുകയും ചെയ്താലെ ഇതിൽ നിന്നും മോചനം സാദ്ധ്യമാകൂ. മൂന്നാം ആഴ്ച (ജനുവരി 19) എക്യൂമെനിക്കൽ ദിനമായി സഭ വേർതിരിച്ചിരിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു കൂട്ടായ്മ സഭകൾ തമ്മിൽ സാദ്ധ്യമായിത്തീരണം. കർത്താവിന്റെ പ്രാർത്ഥനയിൽ നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കണമെന്ന് പ്രാർത്ഥിക്കുന്നുണ്ട്. ആദിമസഭ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചു, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. ഈ ആധുനിക കാലഘട്ടത്തിൽ കൂട്ടായ്മ ഇല്ലതെ, ഐക്യത ഇല്ലാതെ ക്രിസ്തുവിന്റെ ശൈലിയിൽ സാക്ഷ്യ നിർവഹണം സാധ്യമാകയില്ല. ആയതിനാൽ ഐക്യതയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാനും, പ്രവർത്തിക്കുവാനും നാം കടമ്പെട്ടിരിക്കുന്നു. ഐക്യതയോടെ ദൗത്യത്തിൽ മുന്നേറാം. അതിനു ദൈവം നമ്മെ ഏവരെയും ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.




**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com